പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 795** **14-10-2026-ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പൈവളികയിൽ പുതിയ ഗവൺമെന്റ് ഐ.ടി.ഐ.**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. കെ. എം. അഷ്‌റഫ് ശ്രീ. ഷിബു ബേബി ജോൺ

(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പൈവളികയിൽ പുതിയ ഗവൺമെന്റ് ഐ.ടി.ഐ. ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

**മറുപടി:** മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളികയിൽ പുതിയ ഐ.ടി.ഐ ആരംഭിക്കുന്ന വിഷയത്തിൽ വിശദമായ ശിപാർശ ലഭ്യമാക്കുവാൻ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

**(ബി)** പ്രസ്തുത പ്രദേശത്തെ സാങ്കേതിക-വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി അടുത്ത അധ്യയനവർഷത്തിൽ തന്നെ പൈവളികയിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഇത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത ഫയൽ വിവരങ്ങൾ ഫയൽ നമ്പർ ഉൾപ്പെടെ ലഭ്യമാക്കുമോ?

**മറുപടി:** ലഭ്യമായിട്ടില്ല. പൈവളികയിൽ പുതിയ ഐ.ടി.ഐ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്ന ഫയലിന്റെ വിവരം ചുവടെ ചേർക്കുന്നു.

സർക്കാർ ഫയൽ നം.LBRD-C3/157/2021-LBRD

**സെക്ഷൻ ഓഫീസർ**